(എഫ്)വളരെ കാലമായി നിർമ്മാണത്തിലിരിക്കുന്ന ഈ കെട്ടിടത്തിന്റെ പണി എത്രയുംപെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) എല്ലാ പണികളും പൂർത്തിയായിട്ടുണ്ട്.

(ഡി)&(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്)കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

163 (2349) മഞ്ചേശ്വരം സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രി വിപുലീകരിക്കുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇവിടെ എത്ര രോഗികളെ ഇപ്പോൾ കിടത്തി ചികിത്സിക്കുന്നുണ്ട്; ബഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചോദ്യകർത്താവായ എം.എൽ.എ.യുടെ 11.6.1999-ലെ കത്ത് ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യപ്രവർത്തകനായ ശ്രീ. ബി. ഷൺമുഖവും നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി)-(ഇ) നിവേദനത്തിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആശുപത്രിയുടെ നടത്തിപ്പും, നിയന്ത്രണവും മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ 32 കിടക്കകളാണുള്ളത്. ആവശ്യമായ കെട്ടിട നിർമ്മാണം, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയാലേ ആശുപത്രിയുടെ ഗ്രേഡ് ഉയർത്തുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

164 (2350) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ സൗകര്യക്കുറവു മൂലം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(സി) നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഓഫീസ് സൗകര്യമുള്ള വാടക കെട്ടിടത്തിലേക്ക് മാറ്റുവാൻവേണ്ട നടപടി സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

165 (2351) അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ജീവനക്കാർ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജീവനക്കാരുടെ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്.

(ബി) ഇതിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കുമോ;

(ഡി) പ്രസ്തുത സെന്ററിൽ ഏതെങ്കിലും കെട്ടിടം ഉദ്ഘാടനം ചെയ്യാതെ പണി പൂർത്തിയായി കിടക്കുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കെട്ടിടം ഉടനെ ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന തസ്തികകൾ നിലവിലുണ്ട്.

1.	മെഡിക്കൽ ഓഫീസർ	-	4
2.	ഹെൽത്ത് സൂപ്പർവൈസർ	-	1
3.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	-	1
4.	ഹെഡ് ക്ലർക്ക്	-	1
5.	യു.ഡി. ക്ലർക്ക്	-	1
6.	എൽ.ഡി. ക്ലർക്ക്	-	1
7.	ക്ലർക്ക് ടൈപ്പിസ്റ്റ്	-	1

LIBRARY ARCHIVES Kerala Legislative Assembly